"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (DEOC)യിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്ക്കരണത്തിനുമായി അനുമതിയും തുകയും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.281/2026/DMD　തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-　1. ദുരന്ത നിവാരണ കമ്മീഷണറുടെ 16.09.2025 തീയതിയിലെ MTO II/862/2024/SDMA-KSDMA നമ്പർ കത്ത്

2. സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 01.06.2026 ലെ യോഗ നടപടികുറിപ്പ്

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ അടിയന്തര കാര്യനിർവ്വഹണ കേന്ദ്രം (DEOC) യുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരണത്തിനുമായി ₹1.47,60,000/- രൂപയുടെ (ഒരു കോടി നാല്പത്തിയേഴുലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഭരണാനുമതിയ്ക്കായി പരാമർശം (1) പ്രകാരം കമ്മിഷണർ ദുരന്ത നിവാരണം അഭ്യർത്ഥിച്ചിരുന്നു. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | എസ്റ്റിമേറ്റ് തുക (രൂപ) |
|---|---|---|
| 1 | സിവിൽ ജോലികൾ | 60,60,000/- |
| 2 | വൈദ്യുതീകരണ ജോലികൾ | 65,00,000/- |
| 3 | ഇലക്ട്രോണിക് സംവിധാനങ്ങൾ | 22,00,000/- |
| | ആകെ | 1,47,60,000/- |

2. പത്തനംതിട്ട ജില്ലാ അടിയന്തര കാര്യനിർവ്വഹണ കേന്ദ്രം (DEOC) യുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരണത്തിനുമായി സംസ്ഥാന പ്രതികരണ നിധിയുടെ (SDMF) Preparedness and Capacity Building Window നിന്ന് ₹1.47,60,000/- (ഒരു കോടി നാല്പത്തിയേഴുലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അനുവദിച്ച് പദ്ധതിക്ക്

അംഗീകാരം നൽകാൻ പരാമർശം (2) പ്രകാരം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലാ അടിയന്തര കാര്യനിർവ്വഹണ കേന്ദ്രം (DEOC) യുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരണത്തിനുമായുള്ള പ്രവൃത്തികൾക്കായി ₹1.47,60,000/- (ഒരു കോടി നാല്പത്തിയേഴുലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകികൊണ്ടും ആയതിലേക്കായി "SDRF 2245-02- 101-94 Flood- other items" എന്ന ശീർഷകത്തിൽ നിന്നും ₹1.47,60,000/- (ഒരു കോടി നാല്പത്തിയേഴുലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപ പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

4. മേൽ തുക പത്തനംതിട്ട ജില്ലാ കളക്ടർക്കു അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

5.സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം തുക വിനിയോഗിക്കേണ്ടതും വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള. തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (DMA3/183/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Manu S
Date: 06-07-2026 12:16:02
സെക്ഷൻ ഓഫീസർ